കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

# ഉളിക്കൽ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18

## ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ

**e-mail:doknr.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ട സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.14/45/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497 2707698

തീയ്യതി : 11.02.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം)

ഉളിക്കൽ ഗ്രാമ പഞ്ചായത്ത്

സർ.

വിഷയം : ഉളിക്കൽ ഗ്രാമ പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

------------

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215 (4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾപ്രകാരം ഉളിക്കൽ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകളടെ പരിശോധനഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ഭാഗം 3 എന്നിവയിലെ ഖണ്ഡികളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടന്റെയും അതിൻമേൽ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15 )

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. [1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) 1996 ലെ കേരള ലോക്കൽ ഫണ്ട്

ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരള പഞ്ചായത്ത് രാജ് നിയമം പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക]

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്

1.കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഏയിംസിൽ)

2.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല (ഇ-മെയിൽ മുഖേന)

3.കാര്യാലയ പ്രതി

നം.കെ.എസ്.എ/കെ.എൻ.ആർ/സി.14/45/2019 തീയ്യതി: 11.02.2019

<u>കണ്ണൂർ ജില്ലയിലെ ഉളിക്കൽ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക</u>

## വർഷത്തെ

## വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215 (4), 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ആമുഖം

ഉളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഉളിക്കൽ ഗ്രാമ പഞ്ചായത്ത് 01-4-2017 മുതൽ 10-12-2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് വിവിധ അക്കൗണ്ടുകളിൽ നിന്നുമുള്ള പണം പിൽവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പാർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ. ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ. ശശികുമാർ എം. പി. ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് | തസ്തിക |
|---|---|---|
| 10-12-2018 മുതൽ 24-12-2018 വരെ | ശ്രീ. ലീലാകൃഷ്ണൻ. എൻ.എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫിസർ |
| | ശ്രീ. ആൽബർട്ട് ജോസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. ബിസ്മി എസ് നായർ. | ഓഡിറ്റർ |

ബി. നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി ഷേർളി അലക്സാണ്ടർ | 01-04-2017 മുതൽ 31-3-2018 വരെ |
| സെക്രട്ടറി | ശ്രീ.ബി,കെ.കേശവ | 01-04-2017 മുതൽ 31-12-2017വരെ |
| | ശ്രീ.സജിവേന്ദ്രൻ.വി.എ (ഇൻ ചാർജ്) | 01-01-2018മുതൽ 29-01-2018വരെ |
| | ശ്രീ സുരേഷ് ബാബു.കെ | 30-01-2018 മുതൽ31-03-2018വരെ |

സി. നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.സുരേഷ് ബാബു.കെ | 01-04-2017 മുതൽ17-05-2017 വരെ |
| | ശ്രീ.മോഹനൻ.കെ | 18-05-2017മുതൽ01-07-2017വരെ |
| | ശ്രീ. സജിവേന്ദ്രൻ.വി.എ | 02-07-2017മുതൽ31-03-2018വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. ടിറ്റോ ജോൺ | 01-4-2017 മുതൽ 04-07-2017 വരെ |
| | ശ്രീ. മോഹൻദാസ്.ഒ.ജി | 05-07-2017 മുതൽ31-03-2018 വരെ |
| കൃഷി ഓഫീസർ | ശ്രീ. രഞ്ജു.ആർ | 01-04-2017മുതൽ28-07-2017 വരെ |
| | ശ്രീ.രാധാകൃഷ്ണൻ.പി.കെ | 29-07-2017മുതൽ 01-11-2017വരെ |
| | ശ്രീമതി.ധന്യ.ജി | 02-11-2017മുതൽ31-01-2018വരെ |
| | ശ്രീമതി.ഷിജി മാത്യു | 01-02-2018 മുതൽ31-03-2018വരെ |
| വി.ഇ.ഒ. | ശ്രീ.അനീഷ്.കെ | 01-04-2017മുതൽ18-10-2017 വരെ |

| | | |
|---|---|---|
| | ശ്രീ.ഷാജി.എം | 19-10-2017മുതൽ31-03-2018വരെ |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | ഡോ. സെറിൻ.ടി.ചാക്കോച്ചൻ | 01-4-2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. രഞ്ജിത്ത് നമ്പൂതിരി (അഡീഷണൽ ചാർജ്) | 01-04-2017മുതൽ14-09-2017 വരെ |
| | ഡോ. ജയശ്രീ.ടി | 15-09-2017 മുതൽ04-11-2017 വരെ |
| | ഡോ. സീമ.ടി.കെ (അഡീഷണൽ ചാർജ്) | 05-11-2017 മുതൽ12-12-2017 വരെ |
| | ഡോ.സുക്ഫാന ഷമീറ പി.പി | 13-12-2017മുതൽ 31-3-2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.നിഷ.പി.എസ് | 01-04-2017 മുതൽ17-07-2017വരെ |
| | ഡോ.ജിഷ.പി.എസ് | 18-07-2017 മുതൽ22-07-2017വരെ |
| | ഡോ.ഷെർന.സി.എം | 23-07-2017മുതൽ21-01-2018വരെ |
| | ഡോ.ചിത്ര.കെ.എസ് | 22-01-2018മുതൽ23-03-2018വരെ |
| | ഡോ.ടിന്റിൽ തോമസ് | 24-03-2018മുതൽ 31-3-2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.മണിമോഹൻ | 01-4-2017 മുതൽ 01-06-2017 വരെ |
| | ഡോ.ജോൺസൺ | 02-06-2017മുതൽ31-03-2018വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി.അനിത.കെ | 01-04-2017മുതൽ30-11-2017 വരെ |

| | | |
|---|---|---|
| | ശ്രീമതി.മോനിഷ.എം | 01-12-2017മുതൽ31-03-2018വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.ഉസ്മാൻ പള്ളിപ്പാത്ത് | 01-04-2017മുതൽ 31-03-2018വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.രാജി.എസ്.മണി | 01-04-2017മുതൽ 31-03-2018വരെ |

ഉള്ളടക്കം


| ക്രമ നമ്പർ | വിവരണം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം – 1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |

| | | |
|---|---|---|
| | ഭാഗം – 2 വരവ് കണക്കുകളിലെ ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 13 | വാടക-അപാകങ്ങൾ. | 2-1 |
| 14 | കെട്ടിട നികുതി നിർണ്ണയം - അപാകങ്ങൾ | 2-2 |
| 15 | ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ- ലൈസൻസ് തുക ഈടാക്കിയ വിവരം ലഭ്യമല്ല | 2-3 |
| 16 | ഡി&ഒ ലൈസൻസ് -ഭേദഗതിചട്ടപ്രകാരമുള്ള ഭേദഗതി ഫീസ് ഈടാക്കുന്നില്ല | 2-4 |
| | ഭാഗം – 3 ചെലവ് കണക്കുകളിലെ ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 17 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി.നടപ്പാക്കിയ വിവിധ പദ്ധതികളിലെ അപാകങ്ങൾ- ചെലവ് തുക ₹ 1212583 തടസ്സപ്പെടുത്തുന്നു | 3-1 |
| 18 | പട്ടികവർഗ വിദ്യാർത്ഥികൾക്കുള്ള പഠനമുറി (പ്രോ.നം.183/18)- അഡ്വാൻസ് തുക ക്രമീകരിച്ചിട്ടില്ല. | 3-2 |
| 19 | എസ്.എസ്.എ പ്രോജക്ട് രൂപീകരണത്തിലും നിർവ്വഹണത്തിലും ഗ്രാമപഞ്ചായത്തിന്റെ പങ്കാളിത്തവും മേൽ നോട്ടവും ഉറപ്പ് വരുത്തുന്നില്ല | 3-3 |
| 20 | വാഹന ഇൻഷ്വറൻസ് - കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ നിന്ന് പോളിസി എടുക്കുന്നില്ല | 3-4 |
| 21 | ചെറുകിട നാമമാത്ര കർഷകർക്ക് കശുമാവിൻ തൈ വിതരണം - 11700 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-5 |
| 22 | നെൽകൃഷി വികസനം പദ്ധതി -പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചെലവ് തുക 600000 രൂപ തടസ്സപ്പെടുത്തുന്നു | 3-6 |

| | | |
|---|---|---|
| | ഭാഗം – 4 ഓഡിറ്റ് പ്രത്യവലോകനം | |
| 23 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 24 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 25 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 26 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 27 | സ്ഥിരനിക്ഷേപം | 4-5 |
| 28 | ഓഡിറ്റ് റിക്കവറി | 4-6 |
| 29 | സമാഹൃത റിപ്പോർട്ട് | 4-7 |
| 30 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 31 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 32 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 33 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 34 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-1 |
| 35 | ഇൻകം &എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-2 |
| 36 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 ലെ ബജറ്റ് 28-3-2017 ലെ 24/17-ാം നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 27-3-2018 ലെ 51/18-ാംനമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിൽ ഉള്ളതുമായ വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരമുള്ളത് ₹ | പുതുക്കിയ ബജറ്റ് പ്രകാരമുള്ളത് ₹ |
|---|---|---|
| മുന്നിരിപ്പ് | 1153021 | 13247073.3 |
| വരവ് | 185466165 | 205184127 |
| ആകെ | 186619186 | 218431200.3 |
| ചെലവ് | 185418000 | 206645835 |
| നീക്കിയിരിപ്പ് | 1201186 | 11785365.3 |

## 1-2 വാർഷികധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|---|
| 2017-18 | 31-7-2018 | 15-05-2018 | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റിന്റെ നമ്പർ/തീയ്യതി |
|---|---|---|
| 2017-18 | 22-06-2018 മുതൽ 23-06-2018 വരെ | നം.കെ.എസ്.എ/കെ.എൻ.ആർ. /സി.4/1276/18 തീ. 31.07.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| വർഷം | 2017-18 |
|---|---|
| മുന്നിരിപ്പ് | 15625341 |
| വരവ് | 85938645 |
| ആകെ | 101563986 |
| ചെലവ് | 81587028 |
| നീക്കിയിരിപ്പ് | 19976958 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | - | 22290000 | 22290000 | 21995915 | 294085 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | - | 3682749 | 3682749 | 2931746 | 751003 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | - | 1625339 | 1625339 | 9474421 | 7849082 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | - | 11244000 | 11244000 | 8682774 | 2561226 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | - | 4895000 | 4895000 | 4332366 | 562634 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | - | 10468245 | 10468245 | 9137687 | 1330558 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | | 103357 | 103357 | - | 103357 |
| സാക്ഷരത | | 5579 | 408 | 5987 | - | 5987 |
| ദുരിതാശ്വാസനിധി | | 61084 | 64986 | 126070 | 42500 | 83570 |
| എം.ജി.എൻ. ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | - | 17263847 | 17263847 | 17263847 | - |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | | 1324178 | 1324178 | 1293356 | 30822 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| അനുപൂരക പോഷകാഹാരം | | 735653 | 1059732 | 1795385 | 933205 | 862180 |
| എം.പി ഫണ്ട് | | 9120 | 340 | 9460 | 0 | 9460 |
| WGDP | | 763 | 24 | 787 | 603 | 184 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| 1. ശുചിത്വ മിഷൻ ഫണ്ട് (*) () | | 437735 | 1501777 | 1939512 | 1267478.50 | 672033.5 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 94430 | 3659705 | 3754135 | 2642627 | 1111508 |
| | ജില്ലാ പഞ്ചായത്ത് | - | 5615000 | 5615000 | 2637027 | 2977973 |

| ബി ഫണ്ട് | | | | | | |
|---|---|---|---|---|---|---|
| തൊഴിൽ രഹിത വേതനം | | - | 16560 | 16560 | 16560 | - |
| വിവാഹ ധനസഹായം | | - | 150000 | 150000 | 150000 | - |
| ജനറൽ പർപ്പസ് ഫണ്ട് | | 8144476 | 12481000 | 20625476 | 11183797 | 9441679 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 6190448 | 12146736 | 18337184 | 12821879 | 5515305 |
| | ട്രഷറി അക്കൗണ്ട് | 8144476 | 15270189 | 23414665 | 13952986 | 9441679 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 2017-18 | 187 | 128 | 63151824 | 50 | 9 | 68.45 |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രോജക്ടുകളുടെ എണ്ണം | | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|---|
| | | ഏറ്റെടുത്തത് | നടപ്പിലാക്കിയത് | | | |
| 1 | സെക്രട്ടറി | 21 | 16 | 9121674 | 7416912 | 81.31 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 10 | 8 | 2875000 | 1286094 | 44.73 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 120 | 76 | 52367331 | 31045396 | 59.28 |
| 4 | കൃഷി ഓഫീസർ | 8 | 8 | 6588500 | 4976850 | 75.54 |
| 5 | വി.ഇ.ഒ. | 2 | 1 | 2825000 | 2674680 | 94.68 |
| 6 | മെഡിക്കൽ ഓഫീസർ PHC | 6 | 4 | 2342462 | 1743578 | 74.43 |
| 7 | മെഡിക്കൽ ഓഫീസർ GAD | 2 | 2 | 515000 | 514900 | 99.98 |

| | | | | | | |
|---|---|---|---|---|---|---|
| 8 | മെഡിക്കൽ ഓഫീസർ GHD | 1 | 1 | 200000 | 200000 | 100 |
| 9 | വെറ്റിനറി സർജൻ | 4 | 2 | 3506000 | 2496500 | 71.21 |
| 10 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 5 | 7331161 | 5668957 | 77.33 |
| 11 | ഹെഡ് മാസ്റ്റർ | 5 | 4 | 730000 | 347957 | 47.67 |
| 12 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 4780000 | 4780000 | 100 |
| | ആകെ | 187 | 128 | 93182128 | 63151824 | 67.77 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1324178 | 1324178 | 1293356 | 30822 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 17263847 | 17263847 | 17263847 | 0 |
| ആകെ | 0 | 18588025 | 18588025 | 18557203 | 30822 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 16560 | 28 |
| കർഷകതൊഴിലാളി പെൻഷൻ | 5405300 | 465 |

| | | |
|---|---|---|
| വിധവാ പെൻഷൻ | 14517000 | 1295 |
| വാർദ്ധക്യകാല പെൻഷൻ | 37007800 | 3220 |
| വികലാംഗ പെൻഷൻ | 4589500 | 415 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 528200 | 51 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-)o വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20-12-2018 ന് 3.20 pm ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹ 40952 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ജീവനക്കാരുടെ ജോലി വിഭജന രേഖ,ഫ്രണ്ട് ഓഫീസ് ഡയറി എന്നിവ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ പേഴ്സണൽ രജിസ്റ്ററുകൾ മാസംതോറും പൂർത്തീയാക്കി ആയതിൽ മേലാപ്പീസർ ഒപ്പുവയ്ക്കുന്നില്ല. ഇക്കാര്യം ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.09.2010-25.09.2010 | 2004-05 മുതൽ 2009-10 വരെ | 29.10.2010 |
| പെർഫോമൻസ് ഓഡിറ്റ് | 07.09.2018-11.09.2018 | 01.05.2018മുതൽ 31.08.2018വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

2017-18ലെ വാർഷിക ധനകാര്യ പത്രികയിൽ താഴെപറയും പ്രകാരം അപാകങ്ങളുണ്ട്.

1.വസ്തുനികുതി (തൻ വർഷം,കുടിശ്ശിക) ഡിമാന്റ്,കളക്ഷൻ,ബാലൻസ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2.വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വസ്തുനികുതി (തൻ വർഷം, കുടിശ്ശിക) ഡിമാന്റ്,കളക്ഷൻ എന്നിവ സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഡിമാന്റ് ,കളക്ഷൻ എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

3.RP-7 ലെ തുകയും എ.സി.ആർ -ലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശ ദാംശങ്ങൾ ചുവടെ.

| ക്രമ നം. | ഇനം | RP-7/ചെലവ് പത്രിക പ്രകാരം | എ.സി.ആർ പ്രകാരം |
|---|---|---|---|
| 1 | ട്രൈബൽ സബ് പ്ലാൻ | 9,47,421 | 6,84,332 |
| 2 | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 43,32,366 | 43,49,151 |

4.ഡെപ്പോസിറ്റ് രജിസ്റ്ററിലെ ആകെ നീക്കിയിരിപ്പ് തുക ബി-7 ഷെഡ്യൂളിലെ ആകെ തുകയുമായി പൊരുത്തപ്പെടുന്നുണ്ട്.എന്നാൽ ഡെപ്പോസിറ്റി രജിസ്റ്ററിൽ ഇനം/ഹെഡ് തിരിച്ച് തുകകൾ രേഖപ്പെടുത്താത്തതിനാൽ ബി-7 ഷെഡ്യൂളിലെ ഓരോ ഹെഡുമായി താരതമ്യം ചെയ്യുന്നതിന് സാധിച്ചില്ല.രജിസ്റ്ററിൽ തുക ഇനം തിരിച്ച് രേഖപ്പെടുത്തേണ്ടതാണ്.

5.തുകകളിലെ പൊരുത്തമില്ലായ്മ - <u>ലൈബ്രറി സെസ്</u>

| | |
|---|---|
| ബി-9 (2016-17) | 1,65,510.7 |
| ആർ.പി.36(2017-18) | 2,48,530.0 |
| | 4,14,040.7 |
| ആർ.പി.36(2017-18) ചെലവ് | 2,36,376 |
| വ്യത്യാസം | 1,77,664.7 |
| ബി-9(2017-18) | 1,72,809 |

6.ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്ന ഹെഡിൽ ആർ.പി.40 യിൽ ₹120,12,337 കാണുമ്പോൾ ബി-11(എ) യിൽ ₹46,74,640 ആണ് കാണുന്നത്.
7.വാർദ്ധക്യകാല പെൻഷൻ, അവിവാഹിത പെൻഷൻ എന്നീ ഇനത്തിലുള്ള വരവ് ചെലവ് എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## ഭാഗം-2

## <u>വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

### 2-1 <u>വാടക-അപാകങ്ങൾ.</u>

പഞ്ചായത്ത് ഡയറക്ടറുടെ ഉത്തരവ് നമ്പർ സി5-2613/08/കെ.ഡിസ്.തി.16-07-2008 ആയി

അംഗീകരിച്ച ഉളിക്കൽ ഗ്രാമ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് ബൈലാ പ്രകാരം മുറികൾ കൈവശം വയ്ക്കാനുള്ള അവകാശം വർഷാവർഷമോ അഥവാ പരമാവധി 3 വർഷത്തിൽ കവിയാത്ത കാലത്തേക്കോ മാർച്ച് മാസം31-ന് അവസാനിക്കും വിധം പരസ്യ ലേലം മുഖേന ഉറപ്പിക്കുന്ന വാടകയുടെ അടിസ്ഥാനത്തിലായിരിക്കും നൽകുന്നത്. മാർച്ച് മാസം കാലാവധി അവസാനിക്കുന്നതിന് മുൻപ് നിലവിലെ വാടകക്കാരന് ലേലം കൂടാതെ മുറി വാടകയ്ക്ക് നൽകാനും ഗ്രാമപഞ്ചായത്തിന് അധികാരം ഉണ്ട്. മാർച്ച് മാസം അവസാനിക്കുന്നതിന് മുൻപേ തന്നെ നിലവിലെ വാടകക്കാരിൽ നിന്നും കാലാവധി നീട്ടി നൽകാൻ അപേക്ഷ സ്വീകരിച്ച് വാടകയിൽ നിയമാനുസൃതമായ വർദ്ധനവ് വരുത്തി വാടകയ്ക്ക് നൽകുന്ന രീതിയാണ് ഗ്രാമപഞ്ചായത്ത് പിൻതുടരുന്നത്. ഇത്തരത്തിൽ മുൻകൂട്ടി ഏതെല്ലാം മുറികൾ വാടകക്കാർ ഇല്ലാതെ ഒഴിഞ്ഞ് കിടക്കും എന്ന് അറിയാൻ കഴിയുന്ന സാഹചര്യം ഉള്ളപ്പോൾ മുറികളുടെ വാടക ലേലം മെയ് മാസം മാത്രമാണ് നടത്തിയിരിക്കുന്നത്. ഇത് പല മാസങ്ങളിലും മുറികൾ ഒഴിഞ്ഞ് കിടക്കുന്ന സാഹചര്യം ഉണ്ടാക്കുകയും ഗ്രാമപഞ്ചായത്തിന് വരുമാനത്തിൽ കുറവ് വരികയും ചെയ്യുന്നതിന് കാരണമാകുന്നു. ഇത്തരത്തിൽ ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-2 കെട്ടിട നികുതി നിർണ്ണയ അപാകങ്ങൾ

ഉളിക്കൽ ഗ്രാമപഞ്ചായത്ത് VIII-ാം വാർഡിലെ സജി തോമസ് എന്നയാളുടെ അപേക്ഷയിൽ തന്റെ ഉടമസ്ഥതയിലുള്ള VIII/100 D എന്ന റൂം ഭാഗിച്ച് രണ്ടാക്കാനും കൂടാതെ സ്റ്റെറയർ കേസിന് അടിയിൽ വരുന്ന ഭാഗത്തിന് മറ്റൊരു നമ്പർ അനുവദിക്കാനും ആവശ്യപ്പെട്ടിരുന്നു. ഇതിൻ പ്രകാരം VIII/100 D എന്ന റൂം ഭാഗിച്ച് 100D, 100H എന്നീ നമ്പറുകളും സ്റ്റെയർകേസ് ഭാഗത്തിന് പ്രത്യേകമായി 100I എന്ന നമ്പറും അനുവദിച്ച് നികുതി നിർണ്ണയം നടത്തിയിട്ടുണ്ട്.
ഉളിക്കൽ ഗ്രാമ പഞ്ചായത്തിൽ 100ച.മീ മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി നിരക്ക് ₹50/ച.മീ ആണ്. പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ ആകെ വിസ്തീർണം 360.18 ച.മീ ആണ്. എന്നാൽ നികുതി നിർണ്ണയം നടത്തിയിരിക്കുന്നത് 100ച.മീ താഴെ വിസ്തീർണം ഉള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി നിരക്കായ ₹40/ച.മീ നിരക്കിലാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക്(നം.3/17-12-2018) അപാകം പരിഹരിക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കെട്ടിടത്തിലെ ബാക്കി മുറികളുടെയും നികുതി കുറഞ്ഞ നിരക്കിലാണ് നിർണ്ണയം നടത്തിയിരിക്കുന്നത്. ആയത് കൂടി പുനർനിർണ്ണയം നടത്തേണ്ടതാണ്. നികുതിയിനത്തിൽ കുറവ് വന്ന തുക ഈടാക്കേണ്ടതാണ്.

## 2-3 ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ-ലൈസൻസ് തുക ഈടാക്കിയ വിവരം ലഭ്യമല്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസ് അനുവദിക്കാനായായി താഴെ പറയുന്ന അപേക്ഷ സമർപ്പിച്ച അപേക്ഷകർക്ക് ലൈസൻസ് അനുവദിച്ചതായോ നിരസിച്ചതായോ ഫീസ് ഈടാക്കിയതായോ ഉള്ള വിവരം രജിസ്റ്ററിൽ നിന്നും ലഭ്യമല്ല . മേൽ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്

സിഎച്ച് അസ്കർ S/O മൊയ്തീൻ കുട്ടി കരിങ്കൽ ക്വാറി

പിഎൻ ഏലിക്കുട്ടി, ഇളംകുളം വനിതാ മിനി ഇൻഡസ്ട്രീസ്. കറി പൗഡറും കാപ്പിപ്പൊടിയും അച്ചാർ നിർമ്മാണവും, IX/ 738

തോമസ് , കൂരൽ താഴത്ത് കേയപ്പറമ്പ് ,ഉളിക്കൽ -ബേക്കറി, IX/406

എ പ്രേമരാജൻ, സെന്റ് മേരീസ് വാട്ടർ ടെക് , വെള്ളം പാക്ക് ചെയ്ത് വിൽപന-VII/442 A

എ ടി ഷാജി ,ആലുങ്കൽ ഹൗസ് കള്ളുഷാപ്പ് IV/250

എ ടി ഷാജി ,ആലുങ്കൽ ഹൗസ് കള്ളുഷാപ്പ് XII/396

മുഹമ്മദ് ഷാഹിൻ ,പാറമടയിൽ , ഇരുചക്രവാഹനം സ്പെയർ പാർട്സ് വിൽപ്പന, XI/348

വി അഷറഫ് S/O കുട്ട്യാലി ,വളപ്പിൽത്തട, വള്ളിത്തോട് , ബേക്കറി-XII/149

സെക്രട്ടറി നുച്ചിയാട് സർവീസ് സഹകരണ ബാങ്ക്.. മണിക്കടവ് പലചരക്ക് സ്റ്റേഷനറി പാത്രങ്ങൾ I/100

സെക്രട്ടറി നുച്ചിയാട് സർവീസ് സഹകരണ ബാങ്ക്.. മണിക്കടവ് വളം കീടനാശിനി ,I/101

സെക്രട്ടറി നുച്ചിയാട് സർവീസ് സഹകരണ ബാങ്ക്.. മണിക്കടവ് , ഗൃഹോപകരണങ്ങൾ വിൽപന1/A1

സെക്രട്ടറി നുച്ചിയാട് സർവീസ് സഹകരണ ബാങ്ക്.. മണിക്കടവ് വളം കീടനാശിനി1/143

ലിതാ സുരേഷ്, പൊങ്ങാനത്ത് മണിക്കടവ് -സ്റ്റേഷനറി, I/ 322

റിഷിന തോമസ്, ആലുങ്കൽ ,മണിക്കടവ് മലഞ്ചരക്ക് കച്ചവടം I/322 A

ബിജു ജോസഫ് കെ, കാഞ്ഞിരത്താഴ ,അറബി ,സ്റ്റുഡിയോ XII/37

തോമസ് ,താമരശ്ശേരിയിൽ ഹൗസ്, പേരട്ട ,സ്റ്റേഷനറി ഹാർഡ് വെയർ VI/129 A

അലി ടിഎം, തെനം കാലായിൽ ഹൗസ് ,മണിക്കടവ് കാറ്ററിംഗ് സർവീസ് I/303

അനീഷ് കുമാർ ,ചെറുമലയിൽ, 8 HPമോട്ടോർ ഇൻസ്റ്റാൾ ചെയ്ത് വിൽപന IV/410 B

ബിനു ജോസഫ് ,ചക്കാങ്കൽ വീട് ,നുച്ചിയാട് ,ഫൂട്ട് വെയർ വിൽപന XVI/50A

സ്കറിയ ,കിഴക്കേ പടവത്ത് ,ബോഡി വർക്ക് XI/239 B

കിഷോർ ഷേണായി സിമന്റ് ഹാർഡ് വെയർ IX/790D

അബ്ദുൾ റഫീസ് കണിയറയ്ക്കൽ വീട് കാർ സ്പെയർ പാർട്സ് വില്പനXI/400 G

അനീഷ് കുമാർ ചെറു മലയിൽ ഹോളോബ്രിക്സ് IV/410 B

ഗിരീഷ് കുമാൽർ 4 എച്ച്പി മോട്ടോർ ഉപയോഗിച്ച് ടയർ റീ സോളിംഗ് XI/227

ഉമ്മർ കെ ,പലചരക്ക് വ്യാപാരം V/175

ബിജേഷ് എ ജി ,ഇലക്ട്രോണിക്സ് റിപ്പയർ XI/352

പ്രദീപൻ സി ആർ, കോൾഡ് സ്റ്റോറേജ് XII/182

നിഷാ കെഎസ് ,സ്റ്റുഡിയോVI/129 G,H

സജീഷ് കെ എ ,മെഡിക്കൽ ഷോപ്പ് VI/184

ബെന്നി തോമസ് , മലഞ്ചരക്ക് വ്യാപാരം XI/174A,B

നമിത ജോസ്, ദന്തൽ ക്ലിനിക്ക്XI/271

ലൂക്കോസ് വികെ, പലചരക്ക് വ്യാപാരം X/258,259

തോമസ് ടി എ താമരശ്ശേരി ഹാർഡ് വെയർ VI/ 129 A

ജിജോ കെ തോമസ് ,സിമന്റ് കമ്പി XII 260 A

ജിജോ കെ തോമസ് ,മലഞ്ചരക്ക് വ്യാപാരം XIII/256

മുസ്തഫ വി പി പുതിയപുരയിൽ ലൈറ്റ് ആൻഡ് സൗണ്ട് XII/ 39 J

രാജു കെ ആർ കളത്തിൽ ഹൗസ് വസ്ത്രാലയം VI/117 F

സുരേശൻ കൃഷ്ണവിലാസം പലചരക്കുകട V/ 472

ലൈസൻസ് തുക യഥാവിധി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്

## 2-4 ഡി&ഒ ലൈസൻസ് -ഭേദഗതിചട്ടപ്രകാരമുള്ള ഭേദഗതി ഫീസ് ഈടാക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതി വരുത്തിക്കൊണ്ട് 31.10.2017 ലെ ജി.ഒ.(പി) 80/2017 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.ചട്ടം ഭേദഗതി ചെയ്തിട്ടുള്ളതിനാൽ 31.10.2017 ന് ശേഷം ലൈസൻസ് നൽകേണ്ടിയിരുന്നത് ജി.ഒ.(പി) 80/2017 അടിസ്ഥാനമാക്കിയായിരുന്നു. ആയതു പ്രകാരം ഈടാക്കേണ്ടുന്ന ലൈസൻസ് ഫീസ് ചുവടെ ചേർക്കുന്നു.

| ഇനം | ഈടാക്കാവുന്ന പരമാവധി ഫീസ് |
|---|---|
| മൈക്രോ എൻർപ്രൈസസ്(മൂലധന നിക്ഷേപം നിർമ്മാണ മേഖലയിൽ 25,00,000ൽ കവിയാത്തവ,സേവന മേഖലയിൽ 10,00,000 ൽ കവിയാത്തവ ) | 500 |
| മിനി എൻർപ്രൈസസ്(മൂലധന നിക്ഷേപം | 1,000 |

| | |
|---|---|
| നിർമ്മാണ മേഖലയിൽ 25,00,000 ന മുകളിലും 1,00,00,000 ക്ക് താഴെ,സേവന മേഖലയിൽ 10,00,000 ന മുകളിലും 50,00,000ന താഴെ ) | |
| സ്മോൾ എൻർപ്രൈസസ്(മൂലധന നിക്ഷേപം നിർമ്മാണ മേഖലയിൽ 1,00,00,000 ക്ക് മുകളിലും5,00,00,000 ക്ക് താഴെയും,സേവന മേഖലയിൽ 50,00,000 ന മുകളിലും 2,00,00,000ക്ക് താഴെയും ) | 5,000 |
| മീഡിയം എൻർപ്രൈസസ്(മൂലധന നിക്ഷേപം നിർമ്മാണ മേഖലയിൽ 5,00,00,000 ന മുകളിലും 10,00,00,000 ക്ക് താഴെ,സേവന മേഖലയിൽ 2,00,00,000 ക്ക് മുകളിലും 5,00,00,000ന താഴെ) | 10,000 |
| ലാർജ് എൻർപ്രൈസസ്(മൂലധന നിക്ഷേപം നിർമ്മാണ മേഖലയിൽ 10,00,00,000 ക്ക് മുകളിലും ,സേവന മേഖലയിൽ 5,00,00,000 ക്ക് മുകളിലും ) | 15,000 |

എന്നാൽ ലൈസൻസ് ചട്ടം ഭേദഗതി ചെയ്തതിന് ശേഷമുള്ള പുതിയ നിരക്ക് 2018-19 സാമ്പത്തിക വർഷം മുതലാണ് ഈടാക്കിയിരിക്കുന്നത്. ഭേദഗതി ഉത്തരവ് നടപ്പിലാക്കാൻ വൈകിയതിനാൽ ലൈസൻസ് ഫീസിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട അധിക വരുമാനം നഷ്ടപ്പെടുകയാണുണ്ടായത്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 മെഡിക്കൽ ഓഫീസർ പി.എച്ച്.സി.നടപ്പാക്കിയ വിവിധ പദ്ധതികളിലെ അപാകങ്ങൾ- ചെലവ് തുക ₹ 915460 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | 85/18 |
| പ്രോജക്ടിന്റെ പേര് | അംഗപരിമിതർക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ വാങ്ങൽ |
| അടങ്കൽ | ₹640000 |

| | |
|---|---|
| ചെലവ് | ₹593200 |
| ബിൽ നമ്പർ/തിയ്യതി-തുക | 3/17-18/24-03-2018-₹593200 |

പദ്ധതി പ്രകാരം ഉളിക്കൽ ഗ്രാമ പഞ്ചായത്തിലെ അംഗപരിമിതർക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ വാങ്ങി നൽകുകയായിരുന്നു ലക്ഷ്യം.ഇൻവോയ്സ് നമ്പർ P64P /20-03-2018,P65P /20-03-2018 പ്രകാരം കെൽട്രോണിൽ നിന്ന് എട്ട് സ്കൂട്ടറുകൾ വാങ്ങി വിതരണം നടത്തിയിട്ടുണ്ട്.പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1വിതരണ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

2.ഗുണ ഭോക്താക്കളിൽ നിന്ന് കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടില്ല.

മേൽ പറഞ്ഞ അപാകങ്ങളുടെ അടിസ്ഥാനത്തിൽ ചെലവ് തുകയായ ₹593200തടസ്സപ്പെടുത്തുന്നു

(2)

| | |
|---|---|
| പ്രോജക്ട് നമ്പർ | 87/18 |
| പ്രോജക്ടിന്റെ പേര് | വയോജനങ്ങൾക്ക് കണ്ണ് പരിശോധന ക്യാമ്പും കണ്ണട വിതരണവും |
| അടങ്കൽ | ₹150000(വികസന ഫണ്ട്) |
| ചെലവ് | ₹115500 |
| ബിൽ നമ്പർ/തിയ്യതി-തുക | 5/17-18/24-03-2018 --₹115500 |

പദ്ധതി പ്രകാരം ഉളിക്കൽ ഗ്രാമ പഞ്ചായത്തിലെ വയോജനങ്ങൾക്ക് കണ്ണ് പരിശോധനയും കണ്ണട വാങ്ങി നൽകലും ആയിരുന്നു ലക്ഷ്യം.അച്ചൂസ് ഐ കെയർ ആന്റ് ഒപ്റ്റിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും 154 കണ്ണടകൾ വാങ്ങുന്നതിനായി ₹115500 രൂപ ചെലവഴിച്ചിട്ടുണ്ട്.പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1.ഗുണഭോക്തൃ ലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2.ടെൻഡർ നടപടികളുടെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3.അച്ചൂസ് ഐ കെയർ ആന്റ് ഒപ്റ്റിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടില്ല.

4.കണ്ണടകൾ വിതരണം നടത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

മേൽ പറഞ്ഞ അപാകങ്ങളുടെ അടിസ്ഥാനത്തിൽ ചെലവ് തുകയായ ₹115500തടസ്സപ്പെടുത്തുന്നു

(3)

| | |
|---|---|
| പ്രോജക്ട് നമ്പർ | 84/18 |
| പ്രോജക്ടിന്റെ പേര് | പെയിൻ ആന്റ് പാലിയേറ്റീവ് |
| അടങ്കൽ | 500000(വി.ഫ)<br>50000(ബ്ലോക്ക് ഷെയർ)<br>400000(ജില്ലാ പഞ്ചായത്ത്)<br>ആകെ-₹950000 |
| ചെലവ് | ₹799960 |

പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1.₹309868യുടെ ചെലവ് രേഖകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്.ബാക്കി ₹490092 യുടെചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2.ബിൽ നമ്പർ 2/17-18 തി.24-03-2018 പ്രകാരം കെ.എം.എസ്.സി.എൽ -ൽ നിന്ന് മരുന്ന്

വാങ്ങുന്നതിനായി ₹13791 ചെലവഴിച്ചിട്ടുണ്ട്.എന്നാൽ ഇൻവോയ്സ് ഹാജരാക്കിയിട്ടില്ല.മരുന്ന് ലഭ്യമായോ എന്ന് വ്യക്തമല്ല.കെ.എം.എസ്.സി.എൽ -ൽ നിന്നും കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടില്ല.

മേൽ പറഞ്ഞ അപാകങ്ങളുടെ അടിസ്ഥാനത്തിൽ ചെലവ് തുകയായ ₹503883 (490092+13791) തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-2 പട്ടികവർഗ വിദ്യാർത്ഥികൾക്കുള്ള പഠനമുറി (പ്രോ.നം.183/18)-അഡ്വാൻസ് തുക ക്രമീകരിച്ചിട്ടില്ല.

മേൽ പ്രോജക്റ്റിന്റെ ഭാഗമായി 50000 രൂ.(ബിൽ നം.12/17-18/23.3.2018) അഡ്വാൻസായി ശ്രീ.പി.എ. നാരായണൻ എന്ന ഗുണഭോക്താവിന് നല്കിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് കാലയളവിൽ പ്രവൃത്തി പൂർത്തീകരിച്ച് മേൽ തുക ക്രമീകരിച്ചിട്ടില്ല. ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.4/17-18/17.12.18) മറുപടിയിൽ പഠനമുറിയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും ഫൈനൽ ബിൽ നല്കുന്നതിനായി പഠനമുറിയുടെ മൂല്യനിർണ്ണയം നടത്തുവാൻ അസിസ്റ്റന്റ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. അഡ്വാൻസായി അനുവദിച്ച തുക ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 എസ്.എസ്.എ പ്രോജക്ട് രൂപീകരണത്തിലും നിർവ്വഹണത്തിലും ഗ്രാമപഞ്ചായത്തിന്റെ പങ്കാളിത്തവും മേൽ നോട്ടവും ഉറപ്പ് വരുത്തുന്നില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

1.പ്രോജക്ട് നമ്പർ : 4/17-18

പ്രോജക്ടിന്റെ പേര് : എസ്.എസ്. എ. വിഹിതം നൽകൽ (ജനറൽ)

അടങ്കൽ : ₹ 1721481 (പൊതുവിഭാഗം)

ചെലവ് തുക : ബിൽ നം. 5/17-18/29-06-2017 -₹ 1721481

2.പ്രോജക്ട് നമ്പർ : 82/17-18

പ്രോജക്ടിന്റെ പേര് : എസ്.എസ്. എ. വിഹിതം നൽകൽ (എസ്.സി.പി)

അടങ്കൽ : ₹ 44365 ( എസ്.സി.പി )

ചെലവ് തുക : ബിൽ നം. 6/17-18/ 29-06-2017 -₹ 44365

3. പ്രോജക്ട് നമ്പർ : 13/17-18

പ്രോജക്ടിന്റെ പേര് : എസ്.എസ്. എ. വിഹിതം നൽകൽ (ടി.എസ്.പി)

അടങ്കൽ : ₹ 129060 ( എസ്.സി.പി )

ചെലവ് തുക : ബിൽ നം. 7/17-18/ 29-06- 2017 -₹ 129060

ആകെ : ₹1894906

വിദ്യാഭ്യാസ മേഖലയിൽ എല്ലാ പദ്ധതി കാലയളവിലും നിർബന്ധിത വകയിരുത്തലിൽ ഉൾപ്പെടുത്തി നിർവ്വഹിക്കുന്ന പ്രോജക്ടാണ് സർവ്വ ശിക്ഷാ അഭിയാൻ. 2017-18 കാലയളവിൽ ജനറൽ, എസ്.സി.പി, ടി.എസ്.പി മേഖലകളിലായി ആകെ ₹ 1894906 രൂപ ഈയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്.

എസ്.എസ്.എ പ്രോജക്ട് അധികൃതർ ₹ 1894906 രൂപയുടെ വാർഷിക വർക്ക് പ്ലാൻ & ബഡ്ജറ്റ് ആണ് സമർപ്പിച്ചിട്ടുള്ളത്. അതുപ്രകാരമുള്ള തുക ഗ്രാമപഞ്ചായത്ത് വിഹിതമായി ഒടുക്കിയിട്ടുണ്ട്. ഈ വിധം തുക ഒടുക്കിയതിന് വിനിയോഗ സാക്ഷ്യപത്രവും, വിശദമായ ചെലവ് പത്രികയും എസ്.എസ്.എ ഹാജരാക്കിയിട്ടില്ല. വാർഷിക വർക്ക് പ്ലാനിൽ നിർദ്ദേശിച്ചതിൽ ഏതൊക്കെ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിലെ വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കിയിട്ടുണ്ട് എന്നത് വ്യക്തമല്ല. സർക്കാർ ഉത്തരവ് ( എം.എസ്) നം. 72/2017/ത.സ്വഭവ. തിരുവനന്തപുരം, തീയതി, 29/3/2017 പ്രകാരമുള്ള പതിമൂന്നാം പദ്ധതി ആദ്യ വാർഷിക പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 12-9-(3) ൽ ഗ്രാമപഞ്ചായത്തുകളും ജില്ലാപഞ്ചായത്തുകളും എസ്.എസ്.എ.പ്രോജക്ടുകൾക്ക് ഫണ്ട് വകയിരുത്തണമെന്നും,എസ്.എസ്.എ പ്രോജക്ടുകളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ ഭരണ സ്ഥാപനം അതിന്റെ പങ്ക് വഹിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവ് ഖണ്ഡിക 12-9 (1) ൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിദ്യാഭ്യാസ വികസന പ്രോജക്ടുകൾ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞ പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ച് വേണം നിർവ്വഹണം നടത്തേണ്ടത് എന്നുംനിർദ്ദേശിച്ചിട്ടുണ്ട്. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ വിദ്യാഭ്യാസ മേഖലയിലെ ചുമതലകളിൽ സർവ്വശിക്ഷാ അഭിയാൻ ഫണ്ട് വിനിയോഗം സമയാസമയങ്ങളിൽ നിരീക്ഷിക്കുക എന്നതും, പഞ്ചായത്ത് തല വിദ്യാഭ്യാസ കമ്മറ്റി രൂപീകരിച്ച് കൃത്യമായ ഇടവേളകളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ

പ്രവർത്തനങ്ങൾ പരിശോധിച്ച് വിവരം രേഖപ്പെടുത്തണമെന്നും അപര്യാപ്തത പരിഹരിക്കുന്നതിനാവശ്യമായനടപടികൾ സ്വീകരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ എസ്.എസ്. എ യുടെ ആഭിമുഖ്യത്തിൽ വിദ്യാഭ്യാസ മേഖലയിൽ ഓരോ പദ്ധതി കാലയളവിലും പ്രോജക്ടുകൾ തയ്യാറാക്കുന്നതിൽ ഗ്രാമപഞ്ചായത്ത് അതിന്റെതായ പങ്ക് വഹിക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രവും, വിശദമായ ചെലവ് പത്രികയും എസ്.എസ്.എ യിൽ നിന്നും വാങ്ങി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-4 വാഹന ഇൻഷ്വറൻസ് - കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ നിന്ന് പോളിസി എടുക്കുന്നില്ല

വൗച്ചർ നമ്പർ : 21700774/20-12-2017

ചെലവുതുക : ₹ 11854

ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള KL.59.E.2074 നമ്പർ ബൊലേറോ ജീപ്പിന്റെ ഇൻഷ്വറൻസ് ഒടുക്കുന്നത് സംബന്ധിച്ചുള്ള ഇടപാടുകൾ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിനെ ഏൽപ്പിക്കാതെ ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനം മുഖേനയാണ് നടത്തിയിട്ടുള്ളത്. സർക്കാർ സ്ഥാപനങ്ങളുടെ എല്ലാ ഇൻഷ്വറൻസ് ഇടപാടുകളും കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടത്തണമെന്ന് കേരള സർക്കാരിന്റെ 18.04.2000 ലെ ജി.ഒ.(പി) നം. 819/2000 ഉത്തരവു പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത് വാഹനത്തിന്റെ ഇൻഷ്വറൻസ് ഇടപാടുകൾ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിനെ ഏൽപ്പിക്കുവാൻ നടപടികൾ സ്വീകരിച്ച വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ് .

## 3-5 ചെറുകിട നാമമാത്ര കർഷകർക്ക് കശുമാവിൻ തൈ വിതരണം - 11700 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ

പ്രോജക്ട് :പഞ്ചായത്തിലെ ചെറുകിട നാമമാത്ര കർഷകർക്ക് കശുമാവിൻ തൈ വിതരണം

പ്രോജക്ട് നമ്പർ :19/2017-18

| തുക | ഫണ്ട് |
|---|---|
| 999000 | വികസന ഫണ്ട് ജനറൽ |

ചെലവ്

| | | |
|---|---|---|
| തുക 999000 | വികസന ഫണ്ട് ജനറൽ | ബിൽ നമ്പർ: 1/2017-18 /31-10-2017<br>ഇൻവോയ്സ് നമ്പർ : 460/06-10-2017 |

| | | |
|---|---|---|
| | | ആറളം ഫാമിംഗ് കോർപ്പറേഷൻ |

പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ താഴെ പറയുന്നു .

മേൽ പ്രോജക്ട് പ്രകാരം കശുമാവിൻ തൈ ഒന്നിന് 50 രൂപ വീതം ആകെ 19980 എണ്ണം തൈകൾ ആറളം ഫാമിംഗ് കോർപ്പറേഷനിൽ നിന്നും 999000രൂപ ചെലവഴിച്ച് വാങ്ങിച്ചിട്ടുണ്ട്. എന്നാൽ തൈകളുടെ വിതരണം സംബന്ധിച്ച് വാർഡ് അടിസ്ഥാനത്തിൽ സൂക്ഷിച്ചിട്ടുള്ള വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയ ലിസ്റ്റ് പ്രകാരം 20 വാർഡുകളിലുമായി അകെ 19746 തൈകൾ മാത്രമേ വിതരണം ചെയ്യുക ഉണ്ടായിട്ടുള്ളൂ. 234തൈകൾ വിതരണം ചെയ്തതായുള്ള രേഖകൾ നിലവിൽ ഇല്ലാത്തതിനാൽ ആവശ്യക്കാരില്ലാതെ അധികമായി ചെലവഴിച്ചത് വഴി 11700 ( 234 x 50 = 11700 ) രൂപയുടെ നഷ്ടം വന്നതായി ഓഡിറ്റ് വിലയിരുത്തുന്നു..

2 ജി.ഒ(എം.എസ്)80/2017 ത.സ്വ.ഭ.വ തിയ്യതി.03-04-2017 അനുസരിച്ച് ഗുണഭോക്താക്കളുടെ സ്ഥല വിസ്തീർണ്ണത്തിന് ആനുപാതികമായിട്ട് വേണം തൈകൾ വിതരണം ചെയ്യേണ്ടത് എന്നാൽ ഈ വ്യവസ്ഥ ഇവിടെ പാലിച്ചു കാണുന്നില്ല ഉദാ: IVവാർഡിലെ മുഴുവൻ (91) ഗുണഭോക്താക്കൾക്കും 10 എണ്ണം വീതം ആണ് വിതരണം ചെയ്തിട്ടുള്ളത് .

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/17.12.18) നിർവ്വഹണം ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ കാരണങ്ങളാൽ 11700 രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 3-6 നെൽകൃഷി വികസനം പദ്ധതി -പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചെലവ് തുക 600000 രൂപ തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ

പ്രോജക്ട് :നെൽകൃഷി വികസനം

പ്രോജക്ട് നമ്പർ :18/2017-18

| ഫണ്ട് | തുക |
|---|---|
| വികസന ഫണ്ട് ജനറൽ | 300000 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 140000 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 160000 |
| ആകെ | 600000 |

മേൽ പ്രോജക്ട് പ്രകാരം പുഞ്ചകൃഷി ചെയ്ത 123 പേർക്കും മകരകൃഷി ചെയ്ത 55 പേർക്കും കൂലിച്ചെലവ് നൽകുകയുണ്ടായിട്ടുണ്ട്. കൂലിച്ചെലവ് നൽകിയതിന്റെ വിശദാംശം ചുവടെ കൊടുക്കുന്നു.

| | ബിൽ നമ്പർ,തുക | ഗുണഭോക്താക്കളുടെ എണ്ണം | സബ്സിഡി തുക |
|---|---|---|---|
| 1 | 5/17-2018//26-03-2018 | 178 | 300000 /- |
| 2 | 1399246//28-03-2018 | 178 | 140,000/- |
| 3 | 1399246//28-03-2019 | 178 | 160,000/- |

ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന എത്ര പേർക്ക്, എത്ര പാടശേഖര സമിതികൾക്ക് പഞ്ചായത്ത് പദ്ധതി ചെലവ് കൂടാതെ കൃഷി വകുപ്പ് മുഖേനയുള്ള നെൽകൃഷി കൂലിചെലവ് സബ്സിഡി 2017-18 വർഷത്തിൽ നൽകുകയോ/2017-18 വർഷത്തെ കൂലിചെലവായി പിന്നീട് നൽകുകയോ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമല്ല. കൃഷി വകുപ്പും ഇതേ കാലയളവിൽ കൃഷി വകുപ്പ് മുഖേനയുള്ള നെൽകൃഷി കൂലിചെലവ് സബ്സിഡി നൽകിയതായി ഫയലിൽ കാണുന്നുണ്ട്.

പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) ജി.ഒ(എം.എസ്)80/2017 ത.സ്വ.ഭ.വ തിയ്യതി.03-04-2017 അനുസരിച്ച് മുൻകൂറായി വിള ഇൻഷൂറൻസ് ,ചെയ്തവർക്ക് മാത്രമേ സബ്സിഡി നൽകാവൂ. എന്നാൽ 178 ഗുണഭോക്താക്കൾക്കും ആകെ 600,000/-രൂപ കൂലിച്ചെലവ് സബ്സിഡി നൽകിയത് വിള ഇൻഷൂറൻസ് ചെയ്തതിന്റെ ബോണ്ട് ഹാജരാക്കാതെയാണ്.

2) ജി.ഒ(എം.എസ്)80/2017 ത.സ്വ.ഭ.വ തിയ്യതി.03-04-2017 ഖ.8.1(5) അനുസരിച്ച് നിലമൊരുക്കാൻ തൊഴിലുറപ്പ് പദ്ധതി ഉപയൊഗപ്പെടുത്തണമെന്ന് പറയുന്നു. എന്നാൽ ഈ വ്യവസ്ഥ പാലിച്ചതായി കാണുന്നില്ല

3കൃഷി ചെയതിട്ടുണ്ടെന്ന് കൃഷിഓഫിസർ ഉറപ്പുവരുത്തണമെന്ന നിബന്ധന പാലിച്ചിട്ടില്ല.

സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം പഞ്ചായത്ത് ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കുമെന്ന് ജി.ഒ(എം.എസ്)80/2017 ത.സ്വ.ഭ.വ തിയ്യതി.03-04-2017 ഖ.2.3ൽ വ്യക്തമായി പറയുന്നുണ്ട്. ഇതു സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് (നം.5/19.12.2018) നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ പറഞ്ഞ കാരണങ്ങളാൽ 600000 രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നമ്പർ | വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ നമ്പർ / പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 1 | കണ്ണൂർ ജില്ലാ | 140000 | 18/18 | 140000 | ഇല്ല |

| | | | | | |
|---|---|---|---|---|---|
| | പഞ്ചായത്ത് | | സമഗ്ര നെൽകൃഷി വികസനം | | |
| 2 | ഇരിക്കൂർബ്ലോക്ക് പഞ്ചായത്ത് | 160000 | | 160000 | ഇല്ല |
| | ഇരിക്കൂർബ്ലോക്ക് പഞ്ചായത്ത് | 142955 | 35/18<br>ഉളിക്കൽ പാഠശേഖര സമിതിക്ക് ടില്ലർ | 142955 | ഇല്ല |
| 3 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 175000 | 40/18 ശാരീരിക മാനസിക വെല്ലുവിളികൾ അനുഭവിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 175000 | ഇല്ല |
| | ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് | 175000 | | 71635 | 103365 |
| 4 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 2000000 | 58/18-ഉളിക്കൽ ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന 6 പാൽ സൊസൈറ്റികളിൽ പാൽ നല്കുന്ന ക്ഷീര കർഷകർക്ക് ഇൻസന്റീവ് | 2000000 | ഇല്ല |
| | ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് | 780000 | | 780000 | ഇല്ല |
| 5 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 1900000 | 126/18<br>പൊയ്യൂർക്കരി പൊതു ശ്മശാനത്തിനു ഗ്യാസ് പ്ലാന്റും അനുബന്ധ സൌകര്യങ്ങളും | 1900000 | ഇല്ല |
| | ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് | 950000 | | ഇല്ല | 950000 |
| 6 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 1000000 | 131/18 ഉളിക്കൽ ടൌൺ ആസ്ഥാനമായി ബഡ്സ് പുനരധിവാസ കേന്ദ്രം | 1000000 | ഇല്ല |
| | ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് | 1451750 | | 1408966 | 42784 |
| 7 | ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് | 94430 | 164/18 പഞ്ചായത്ത് ഓഫീസ് കോമ്പൌണ്ടിൽ പൊതു ടോയ്‌ലറ്റ് | 79071 | 15359 |

| | | | | | |
|---|---|---|---|---|---|
| | | | നിർമ്മാണം | | |
| 8 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 400000 | 84/18-പെയിൻ&പാലിയേറ്റീവ് | 400000 | ഇല്ല |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നമ്പർ | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ചെക്ക് നമ്പർ/തീയ്യതി | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | കേരള ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 171/18-മണിക്കടവ് വനിത വർക്ക് ഷെഡിനു കുഴൽകിണർ കുഴിച്ചു മോട്ടോർ സ്ഥാപിക്കൽ | 75/17-18 /24.03.18 | 34000 | 12420 | ₹21580 തിരിച്ചടച്ചു |
| 2 | | 111/18-മണിക്കടവ് കോളിത്തട്ട് അങ്കണ വാടിക്ക് കുടിവെള്ള സൌകര്യം ഏർപ്പെടുത്തൽ | 74/17-18 /24.03.18 | 42000 | 42000 | ₹56910/ ചെലവഴി ച്ചിട്ടുണ്ട്. (₹14910 കൊടുക്കാൻ ബാക്കിയുണ്ട്) |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

| ക്രമ നമ്പർ | വായ്പയുടെ ഉദ്ദേശ്യം വായ്പ അനുവദിച്ച | വായ്പ തുക | തിരിച്ചടക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | തൻവർഷാവസാനം ബാക്കി |
|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | സ്ഥാപനം | | | മുതൽ | പലിശ | |
| 1 | ഉളിക്കൽ സർവീസ് സഹകരണ ബാങ്ക്,ഉളിക്കൽ | 14679000 | 2333526 | 1811052 | 0 | 522474 |

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണിക നമ്പർ | പരാമർശ വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 2016-17 | അനുബന്ധം 3 | 2014-15 | 2.1 | വസ്തു നികുതി | മുഴവൻ കുടിശികയും പിരിച്ചെടുത്തിട്ടുണ്ട്(കോടതി നടപടിയിലുള്ളത് ഒഴികെ) |
| 2016-17 | അനുബന്ധം 4 | 2014-15 | 2.2 | തൊഴിൽ നികുതി | 2016-17 മുതൽ വി.ഇ.ഒ മാരിൽ നിന്നും തൊഴിൽ നികിതി ഈടാക്കി വരുന്നുണ്ട്.തൊഴിൽ നികുതി കുടിശിക വി.ഇ.ഒ മാരിൽ നിന്നുംഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ. സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ | 85938645 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ | 81587028 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ | 1824283 |

ബി. പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

ഇല്ല

സി. ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദികളായ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|
| 3-1 | 1)593200<br>2)115500<br>3)503883 | ഡോ.സെറിൻ ടി. ചാക്കോച്ചൻ, മെഡിക്കൽ ഓഫീസർ, (അലോപ്പതി) |
| 3-5 | 11700 | ശ്രീ. രാധാകൃഷ്ണൻ പി.കെ., കൃഷി ഓഫീസർ |
| 3-6 | 600000 | ശ്രീമതി ഷിജി മാത്യു, കൃഷി ഓഫീസർ |
| ആകെ | 1824283 | |

ഡി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഇ. നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ്. റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസം

| നഷ്ടത്തിന് ഉത്തരവാദിയായ ആളുടെ പേര് | ഇപ്പോഴത്തെ ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.സെറിൻ ടി. ചാക്കോച്ചൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | കുന്നിൽ (ഹൗസ്)<br>സ്റ്റേറ്റ് വെയർ ഹൗസിന് |

| | | |
|---|---|---|
| | പുറവയൽ | മുൻവശം, ഇരിട്ടി പോസ്റ്റ്. |
| ശ്രീ. രാധാകൃഷ്ണൻ പി.കെ. | വിരമിച്ചു | പുതുപ്പറമ്പിൽ ഹൗസ്, ഇടക്കേപ്പുറം നോർത്ത്, ചെറുകുന്ന്, കണ്ണൂർ. |
| ശ്രീമതി ഷിജി മാത്യു. | കൃഷി ഓഫീസർ, കൃഷി ഭവൻ നാറാത്ത്, കണ്ണൂർ | ഫ്ലാറ്റ് നമ്പർ ഡി.1 പാം ഡ്രൈവ് അപാർട്ട്മെന്റ് തിരുവനന്തപുരം. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2005-06 | കെ.എസ്.എ/കെ.എൻ.ആർ /സി4/07/18 തീ. 21.03.18 | 2 |
| 2007-08 | ,, | 3 |
| 2008-09 | ,, | 10 |
| 2009-10 | ,, | 1 |
| 2010-11, 2011-12 | ,, | 6 |
| 2012-13&13-14 | ,, | 12 |
| 2014-15 | നം. കെ.എസ്.എ./കെ.എൻ.ആർ. /സി.1/1439/16 തീ. 09.08.2016 | 18 |
| 2015-16 | നം. കെ.എസ്.എ./കെ.എൻ.ആർ. /സി.4/2130/16 തീ. 02.02.2017 | 9 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ /സി.4/1635/17 തീ. 05.10.2017 | 13 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ. /കെ.എൻ.ആർ./സി.14/45/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail doknr.ksad@kerala.gov.in

Phone:04972707698

തീയ്യതി: 11.02.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ഉളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-2-1

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

Ulikkal Grama Panchayat RECEIPT & PAYMENT STATEMENT For the period from 01-April-2017 to 31-March-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 15481235 |
| Cash | Cash | RP-40(a) | 144106 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1217720 |
| 140000000 | Fees & User Charges | RP-4 | 891171 |
| 150000000 | Sale & Hire Charges | RP-5 | 284541 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 60675469 |

| | | | |
|---|---|---|---|
| 171000000 | Interest Earned | RP-9 | 109656 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 14591104 |
| 350000000 | Other Liabilities | RP-36 | 140479 |
| | Non Operating | | |
| 180000000 | Other Income | RP-10 | 1003 |
| 310000000 | Panchayat Fund | RP-28 | 0 |
| 311000000 | Earmarked Funds | RP-29 | 64986 |
| 340000000 | Deposits Received | RP-34 | 182980 |
| 350000000 | Other Liabilities | RP-36 | 1031372 |
| 431000000 | Sundry Debtors (Receivables) | RP-43 | 6166796 |
| 460000000 | Loans, Advances and Deposits | RP-47 | 581368 |
| | Grand total | | 101563986 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 4695507 |
| 220000000 | Administrative Expenses | RP-12 | 1027429 |
| 230000000 | Operations & Maintenance | RP-13 | 941265 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 13268350 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 14446306 |

| | | | |
|---|---|---|---|
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1060571 |
| 253000000 | Decentralised Plan Programme- Projects not included in | RP-18 | 900672 |
| | Sector Division | | |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 955574 |
| | Schemes | | |
| 255000000 | Maintenance Projects | RP-20 | 6240539 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 98427 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 18334 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 0 |
| 350000000 | Other Liabilities | RP-36 | 6570056 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 76718 |
| 330000000 | Secured Loans | RP-32 | 1811052 |
| 340000000 | Deposits Received | RP-34 | 349442 |
| 350000000 | Other Liabilities | RP-36 | 2645055 |
| 410000000 | Fixed Assets | RP-38 | 13756526 |

| | | | |
|---|---|---|---|
| 412000000 | Capital work in Progress | RP-40 | 12012337 |
| 460000000 | Loans, Advances and Deposits | RP-47 | 712868 |
| | Closing Balance | | |
| Bank | Bank | RP-40(b) | 19848521 |
| Cash | Cash | RP-40(b) | 128437 |
| | Grand Total | | 101563986 |

## അനുബന്ധം-2-2

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

Ulikkal Grama Panchayat INCOME & EXPENDITURE STATEMENT For the period from 01-April-2017 to 31-March-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 5473998 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 508329 |
| 140000000 | Fee & User Charges | I-4(b) | 1092521 |
| 150000000 | Sale & Hire Charges | I-5(b) | 284541 |
| 160000000 | Revenue Grants, Funds, Contributions & Compensations / | I-6 | 101111394 |
| | Subsidies | | |
| 171000000 | Interest Earned | I-8 | 109656 |

| | | | |
|---|---|---|---|
| 180000000 | Other Income | I-9 | 45503 |
| | Total Income | | 108625942 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 13055579 |
| 220000000 | Administrative Expenses | I-11(b) | 1027429 |
| 230000000 | Operations & Maintenance | I-12(b) | 941543 |
| 240000000 | Interest & Finance Charges | I-13 | 76718 |
| 250000000 | Decentralised Plan Programme-Productive Sector / | I-14 | 16430824 |
| | Programme Expenses | | |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 30173533 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1060571 |
| 253000000 | Decentralised Plan Programme-Projects not included in | I-14(c) | 900672 |
| | Sector Division | | |
| 254000000 | Expenditures of Transfered Institutions and State Sponsored | I-14(d) | 25467374 |
| | Schemes (not included under Decentralized Plan Programme) | | |
| 255000000 | Maintenance Projects | I-14(e) | 6240539 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 98427 |

| | | | |
|---|---|---|---|
| 260000000 | Grants, Contributions & Compensation from Own Fund / | I-15 | 18334 |
| | Subsidies | | |
| 270000000 | Provisions and Write off | I-16 | 8511 |
| 272000000 | Depreciation | I-17(a) | 15765503 |
| | Total Expenditure | | 111265557 |
| | Gross Surplus/ Deficit of income over Expenditure | | -2639615 |
| 280000000 | Prior Period Item | I-18 | 487036 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -3126651 |

## അനുബന്ധം-2-3

## ബാലൻസ് ഷീറ്റ്

Ulikkal Grama Panchayat BALANCE SHEET As on 31-March-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 4286885.3 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or | B-2 | 83570 |
| | Agency Fund | | |

| | | | |
|---|---|---|---|
| 312000000 | Reserves | B-3 | 102537370 |
| | Total Reserve & Surplus | | 106907825.3 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 7254058 |
| | Total Grants, Contributions for Specific Purposes | | 7254058 |
| | Loans | | |
| 330000000 | Secured Loans | B-5 | 522474 |
| | Total Loans | | 522474 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 749843 |
| 341000000 | Deposits Works | B-8 | 0 |
| 350000000 | Other Liabilities | B-9 | 974350.7 |
| | Total Current Liabilities and Provisions | | 1724193.7 |
| | TOTAL LIABILITIES | | 116408551 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 126932022 |
| 411000000 | Accumulated Depreciation | B-11 | -36573525 |
| 412000000 | Capital Work in Progress | B-11(a) | 4674640 |
| | Total Fixed Assets | | 95033137 |

| | | | |
|---|---|---|---|
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0 |
| 431000000 | Sundry Debtors (Receivables) | B-15 | 110112 |
| 440000000 | Pre-paid Expenses | B-16 | 522474 |
| 450000000 | Cash and Bank Balance | B-17 | 19976958 |
| 460000000 | Loand, Advances and Deposits | B-18 | 765870 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ.